# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 650** | **10.03.2015- ൽ മറുപടിക്ക്**

**മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ പഴയ മെഷീനറി വിൽപ്പന**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി. ജലീൽ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) 2013-ലും 2014-ലും മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ നിന്നും പഴയ മെഷീനറി വിൽപ്പന നടത്തിയതിന് ഇ-ടെൻഡർ ക്ഷണിച്ചിരുന്നോ; നിയമ പ്രകാരം ഇ-ടെൻഡർ ക്ഷണിക്കേണ്ട ആവശ്യകത ഉണ്ടോ; | (എ) ഇല്ല. മെഷീനറികൾ ഇ-ടെൻഡർ വിളിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള പരിധിയ്ക്ക് താഴെയുള്ള വിലയായതിനാൽ ഇ-ടെൻഡർ ആവശ്യമായി വന്നിട്ടില്ല. |
| (ബി) മലപ്പുറം മില്ലിലെ ഡയറക്ടർ ബോർഡിലുള്ള വ്യവസായവകുപ്പ് അണ്ടർ സെക്രട്ടറിയുടെ സമ്മർദ്ദത്തിൽ വ്യവസായ വകുപ്പിലെയും ഹാന്റ്‌ലൂം ഡയറക്ടറേറ്റിലെയും ഉദ്യോഗസ്ഥരെ ഉപയോഗിച്ച് പഴയ മെഷീനറി വിൽപ്പനക്കായി കുറവ് വാല്യുവേഷൻ നടത്തിയതായും പഴയ മെഷീനറി വിൽപ്പനയിൽ അഴിമതി നടന്നതായും ഉയർന്നിട്ടുള്ള പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പരാതിയിന്മേൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുമോ; ഇല്ലെങ്കിൽ മറ്റേതെങ്കിലും അന്വേഷണത്തിനു ഉത്തരവിടാമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴയ മെഷനറികളുടെ വിൽപ്പനക്കായി വാല്യുവേഷൻ നടത്തിയത് കേന്ദ്ര സർക്കാർ അംഗീകാരമുള്ള ടെക്സ്റ്റൈൽ ഗവേഷണ സ്ഥാപനമായ സൗത്ത് ഇൻഡ്യ ടെക്സ്റ്റൈൽ റിസർച്ച് അസോസിയേഷൻ (SITRA) ആണ്. വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരോ ഹാന്റ്‌ലൂം ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരോ അല്ല. ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടില്ല. ധനകാര്യ സെക്രട്ടറിക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മില്ലിലെ പഴയ മെഷീനറി വിൽപ്പന സംബന്ധിച്ച് ധനകാര്യ പരിശോധനാവിഭാഗം അന്വേഷണം നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | മില്ലിലേക്ക് 5 ലക്ഷം രൂപക്ക് മുകളിൽ പോളിയെസ്റ്റർ വാങ്ങുന്നത് ഇ-ടെണ്ടർ ക്ഷണിച്ചാണോ; ഇ-ടെൻണ്ടർ വിളിക്കാതെ വാങ്ങുവാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; | (സി) & (ഡി) | മില്ലിലേക്ക് 5 ലക്ഷം രൂപക്ക് മുകളിൽ പോളിസ്റ്റർ വാങ്ങുന്നത് ഇ-ടെണ്ടർ ക്ഷണിച്ചിട്ടല്ല. കേരളത്തിലെ പൊതുമേഖലാ ടെക്സ്റ്റൈൽ മില്ലുകളിലും സഹകരണ മേഖലയിലെ മില്ലുകളിലും പോളിസ്റ്റർ, കോട്ടൺ എന്നിവ വാങ്ങുന്നത് സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി (CCPC) മുഖേനയാണ്. പോളിസ്റ്റർ വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും, പോളിസ്റ്റർ വാങ്ങുമ്പോൾ വാങ്ങുന്ന ദിവസത്തെ വില അനുസരിച്ച് നൽകേണ്ടി വരുന്നതിനാലും, ഇ-ടെണ്ടർ സിംഗിൾ ക്വോട്ട് ആയതിനാലും പോളിസ്റ്റർ പർച്ചേസ് ചെയ്യാൻ ഇ-ടെണ്ടർ മുഖേന പ്രായോഗികമായി കഴിയില്ല. ആയതിനാൽ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് അതാതു മില്ലുകൾ നേരിട്ട് പോളിസ്റ്റർ വാങ്ങുന്നതിനായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ക്രെഡിറ്റ് ഫെസിലിറ്റി അനുവദിച്ചു കൊണ്ടാണ് മില്ലുകളെല്ലാം പോളിസ്റ്റർ വാങ്ങുന്നത്. |
| (ഡി) | ഇല്ലെങ്കിൽ നിയമ വിരുദ്ധമായി വാങ്ങിയതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ